
AKPCTA
No. 72
1997 AUGUST
College teachers strike affects classes
Teachers' stir
colleges
kerala
private college teacher
call off stir
Striking teachers

ഡ്രാഫ്‌റ്റുകൾ അയയ്ക്കുക.

മെമ്പർഷിപ്പുതുക, ട്രഷറർക്കും, ജേർണൽ വരിസംഖ്യ മാനേജിംഗ് എഡിറ്റർക്കും ഡ്രാഫ്‌റ്റ് ആയോ, മണി ഓർഡർ ആയോ എത്രയും വേഗം അയച്ചുകൊടുക്കണം. മേൽവിലാസം അന്യത്ര.

# അറിയിപ്പുകൾ

## മെമ്പർഷിപ്പുവേഗം അയയ്ക്കുക

എ. കെ. പി. സി. ടി. എ മെമ്പർഷിപ്പ് ഫീസ് എത്രയും വേഗം കോളേജുകളിൽ നിന്നും ശേഖരിച്ച് താഴെപ്പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുന്ന കാര്യം ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക.

Prof. S. Viswanathan
Treasurer, A. K. P. C. T. A.
T. C. 15/337,
Santhi Bhavan
Vellayambalam
Trivandrum-10

## ജേർണൽ മാറ്റർ

ജേർണലിലേയ്ക്കുള്ള മാറ്ററും ഫോട്ടോയും താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കുക. ജില്ലാ വാർത്തകളും, ബ്രാഞ്ചു വാർത്തകളും അയയ്ക്കുന്ന കാര്യം ജില്ലാസെക്രട്ടറിമാരും, ബ്രാഞ്ചുസെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കണം.

Prof. K. Sukumaran Nair
Naranathu
Pillaveedu Lane
Kesavadasapuram
Trivandrum-4

## ജേർണൽ വരിസംഖ്യ

ജേർണൽ വരിസംഖ്യയും വരിക്കാരുടെ മേൽവിലാസവും താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കുക.

Prof. K. P. Divakaran Nair
T.C.3/1206,
Lekshmi Nagar,
Kesavadasapuram,
Trivandrum-4.

*പത്രാധിപസമിതി*

ചെയർമാൻ

വി. നാരായണൻകുട്ടി

പത്രാധിപർ

വി. എൻ. മുരളി

*അംഗങ്ങൾ*

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ. കെ. സുകുമാരൻ നായർ, കെ. പി. ദിവാകരൻ നായർ, നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ, ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ, തോമസ് ജോർജ്

മുഖക്കുറിപ്പ്

# പണിമുടക്ക് സമരത്തിൽ അടിയുറച്ചു നിൽക്കുക

ഇന്ത്യയിലെ 5600 ൽ പരം കോളേജ്ജുകളിലേയും 160ൽ അധികം സർവ്വകലാശാലകളിലേയും അക്കാദമിക് ജീവിതമാകെ ആഗസ്ററ് 4 മുതൽ സ്തംഭിച്ചിരിക്കുന്നു. എല്ലാ സംസ്ഥാനങ്ങളിലും 1986 ജനുവരി ഒന്നുമുതൽ തുല്യരീതിയിൽ പുതിയ യു. ജി. സി. ശമ്പളസ്കെയിലുകരം നല്കുക, ത്രീഗ്രേഡ് സമ്പ്രദായം നിലനിർത്തുക, പ്രൊമോഷൻ നിലവിലുള്ള രീതിയിൽ തുടരുക, അധികച്ചെലവ് പൂർണ്ണമായും കേന്ദ്രം വഹിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടാണ് സർവ്വകലാശാല-കോളേജധ്യാപകർ അനിശ്ചിതകാല പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്നത്. കേന്ദ്രസർക്കാരിൻെറ ദുശാഠ്യജടിലമായ സമീപനമാണ് പണിമുടക്കിന് വഴിവച്ചത്. കഴിഞ്ഞ യു. ജി. സി. ശമ്പള പരിഷ്കരണത്തിനുശേഷം പതിന്നാലു വർഷം കഴിഞ്ഞ് 1987 ജൂൺ 17നാണ് പുതിയ ശമ്പള പരിഷ്കരണപ്രഖ്യാപനമുണ്ടായത്. പക്ഷേ ആ പ്രഖ്യാപനം അധ്യാപകവർഗ്ഗത്തെ ആകെ നിരാശപ്പെടുത്തി. പ്രഖ്യാപനത്തിനാധാരമായി മെഹ്റോത്രാ കമ്മിററി റിപ്പോർട്ടിൽ, 1973 ലെ യു. ജി. സി. ശമ്പളപരിഷ്കരണത്തിൻെറ അനുഭവം ഉണ്ടാകരുതെന്ന കാഴ്ചപ്പാടോടുകൂടി ശമ്പളപരിഷ്കരണത്തിൽ വരുന്ന അധികച്ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാർ വഹിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. സർക്കാർ വിജ്ഞാപനത്തിൽ അത് 80% മായി വെട്ടിക്കുറച്ചിരിക്കയാണ്. 1986 ജനുവരി ഒന്നുകഴിഞ്ഞ് ഏതുതിയതി മുതലും ശമ്പളപരിഷ്കാരം നടത്താനും ഇപ്പോരം പ്രഖ്യാപിച്ചതിനെക്കാരം കുറഞ്ഞ ഏതു സ്കെയിൽ വേണമെങ്കിലും നടപ്പിലാക്കാനുള്ള വിവേചനാധികാരം സംസ്ഥാനങ്ങരംക്കു കൊടുത്തിരിക്കയാണ്.

സർവ്വകലാശാലകളിലേയും കോളേജുകളിലേയും അധ്യാപകരെ രണ്ടു തട്ടിൽ നിറുത്തിക്കൊണ്ട് രണ്ടുതരം വേതനം നല്കുകയെന്ന സമീപനം 1974 ൽ കേന്ദ്രസർക്കാരിന് ഉപേക്ഷിക്കേണ്ടിവന്നതാണ്. മുമ്പ് അംഗീകരിക്കാൻ നിർബന്ധിതമായ ഈ സമീപനത്തിൽ നിന്നും കേന്ദ്ര

സർക്കാർ ഇപ്പോൾ പിൻമാറിയിരിക്കയാണ്. ഹൈസ്കൂൾ അധ്യാപകർക്ക് ഒരു റണ്ണിംഗ് സ്കെയിലായിരുന്നു ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിലുള്ള ത്രീഗ്രേഡ് സമ്പ്രദായം പോലും നിലനിർത്താതെ, ഗ്രേഡുകളുടെ എണ്ണം വർദ്ധിപ്പിച്ച്. പ്രമോഷൻ നിബന്ധനകൾ കർക്കശമാക്കിയിരിക്കയാണ്. അപ്രായോഗികമായ പ്രമോഷൻ നിബന്ധനകൾ അപ്പാടെ നിലനില്ക്കുകയാണെങ്കിൽ ശമ്പളപരിഷ്കരണത്തിൻെറ ഗുണഫലങ്ങൾ ബഹുഭൂരിപക്ഷം അധ്യാപകർക്കും ലഭിക്കുകയില്ല. ഐ. എ. എസ്. ഉൾപ്പെടെയുള്ള മററെല്ലാ വിഭാഗം ജീവനക്കാർക്കും സമയബന്ധിത പ്രമോഷൻ നല്കുമ്പോൾ അധ്യാപകർക്കു മാത്രം അതു നിഷേധിക്കുന്നതിൻെറ പൊരുൾ മനസ്സിലാകുന്നില്ല.

മററൊരു ജോലിയും കിട്ടിയില്ലെങ്കിൽ സർവ്വകലാശാലകളിലും കോളേജ്ജുകളിലും കയറി പഠിപ്പിച്ചുകളയാം എന്ന സമീപനം ഉണ്ടാകാതിരിക്കുവാനും രാജ്യത്തെ അത്യുന്നത പ്രതിഭകളെ അധ്യാപകവൃത്തിയിലേയ്ക്ക് ആകർഷിക്കുവാനും പുത്തൻവിദ്യാഭ്യാസനയം ഉപദേശിക്കുന്നുണ്ട്. പക്ഷെ നിർവ്വഹണരംഗത്തു വരുമ്പോൾ അതിനു കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

നാലാം ശമ്പളപരിഷ്കാരം നടപ്പിലാക്കിയ കേന്ദ്രസർവ്വകലാശാലകളിലെ 8700 ൽ അധികം അധ്യാപകർ ഈ സമരത്തിൽ അടിയുറച്ചു നില്ക്കുകയാണ്. തമിഴ്നാട്ടിലും ഹിമാചൽ പ്രദേശിലും സ്കെയിലുകൾ നടപ്പിലാക്കാമെന്ന് പ്രഖ്യാപനമുണ്ടായിട്ടും ഈ നിബന്ധനകളോടെ നടപ്പിലാക്കിയാൽ പ്രയോജനമുണ്ടാകില്ലെന്നതു കൊണ്ട് അവിടുത്തെ അധ്യാപകരും പണിമുടക്കരംഗത്ത് ഉറച്ചു നില്ക്കുന്നു.

ഈ സമരത്തിൻെറ പ്രാധാന്യം മനസ്സിലാക്കി കേരളത്തിലും കൂടുതൽ അധ്യാപകർ സമരരംഗത്ത് വന്നുകൊണ്ടിരിക്കയാണ്. അവർക്കെല്ലാം എ. കെ. പി. സി. ടി. എ. യുടെ ആഭിവാദ്യങ്ങൾ. ഈ ഐതിഹാസികമായ അഖിലേന്ത്യാ പണിമുടക്കിൽ ഇനിയും അണിചേരാത്തവരുണ്ടെങ്കിൽ അവർകൂടി പങ്കെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# Fourth U. G. C. Scales Not a Fair Deal to Teachers

**Prof: P. NARENDRAN** (Convener, Joint Action Council of College Teachers)
General Secretary, A. K. P. C. T. A.

The hostility the Central Government and the bureaucracy store for the teaching community is quite evident from the structural and political thinking implicit in the revised salary system announced on 17th June 1987. This statement, of course, will shock many even a section of teachers who are apparently carried away by the impression that a bonanza has been showered on the teachers in universities and colleges. The facts prove the contrary.

The Government Order on the revision of Pay scales and attached conditions is the culmination of a process of subjugating the institutions of higher learning to mere bureaucratic majesty. The order has weakened the morale of 2.3 lakhs of teachers all over the nation. The deterioration in the service conditions of teachers is reflected in the changes in promotional prospects. Under the personal promotion scheme finalised a lecturer could expect promotion upto the grade of professor within a period of twenty years. Though the Sen Committee of 1973 recommended for the reduction of grades and uniform running grade it also set in motion the first major alteration in promotional avenues for teachers. It stipulated that college lecturers must acquire a research degree within five years of service (later relaxed to ten years), while acquisition of the degree did not automatically ensure a promotion for the teachers, the failure to secure it led to the termination of their annual increment.

This caused much heart burn among teachers who could not for various reasons get a degree. This provision has led to a veritable flood of research of dubious academic merit. This has done nothing to enhance the stature of the Universities. The new pay scales recently announced by the Ministry of Human Resources Development have retained this provision. The annual increment of a lecturer will now be with-held when they reach a basic pay of Rs. 3,400 per month or 1988-89 whichever is earlier, if they fail to satisfy the conditions. The Sen Committee also coverted the extension of service for five years for teachers above 60 years of age into re-employment. It resulted in a reduction of their salaries and emoluments. This provision too is retained in the revised pay scales.

The Sen Committee recommendation on the positive side led to the merit promotion scheme of 1983. Of course, the teachers had to go on a prolonged strike that lasted 104 days to win the scheme. Under the scheme which was quota free a lecturer became eligible for promotion on a time bound basis This was a giving

back when compared to the promotion prospects that existed in the sixties

In the recently announced terms of service for teachers the Ministry of Human Resources Development has retained all the academically undesirable recommendations. The only concession allowed is the delinking of the proposed code of conduct. Its stipulation that the pay scales are to be implemented as a comprehensive scheme which includes all the condition is ominous. These broadly include the acceptance of a multiplicity of grades; the scrapping of existing promotion schemes (after a suitable cut off date is announced) or acceptance of lower revised pay scales for individuals who prefer the merit promotion scheme.

The Second Pay Commission finding that the 156 scales had grown to 517 reduced the number to 140. This too had grown to 536 and the third pay Commission pruned it to 80. By the time the fourth pay commission was appointed the number of scales went upto 153 and the commission brought it down to a mere 36 Nevertheless consistant with the special dispensation always in store for teachers the Central Government thought it fit to multiply a well established three scale system (Lecturer-Reader-Professor) into a seven scale system. This antipathy to the teaching community on the part of the Central Government is against the recommendation of the University Commission headed by Dr. S. Radhakrishnan. The Commission observed: "The multiplicity of scales of pay which then existed in the Universities and Colleges should be reduced to the minimum and that an attempt should be made to adopt national scales of pay for teachers in higher education". In contrast to this academic entrepreneurs in the Ministry of Human Resources Development enhanced the number of scales to nine, (Separate lower scales to Readers and Professors who opt the merit promotion scheme).

The Hand book of civil services laws and Practices specifically states that "a few grades with clearly defined differences of responsibilities corresponding to different scales of pay will be acceptable, but posts graded and paid differently, yet, without discernible differentiation of duties can have an adverse effect on morale". The Commission reiterate the same philosophy. "The salary structure should be coherent and should adequately reflect the responsiblities of various posts" This sound and well accepted principle has been found inexplicably unsound when it concerns teaching As per the new order Lecturer, Senior Lecturers and selection grade Lecturers inhabiting the same staff room and sharing an equal work load at the same level of instrcution are now to be placed in different scales. The same is the case of Junior and Senior Readers. But why? No answer either from the Central Government or from the U. G. C. Let it not be forgotten that the negation of the Pay Commission's well thought proposition against proliferation of grades unsupported by any rationale is intentional.

The reason for a multi-scale system for teachers, then does not lie in any accepted principle. It is the result of perverse thinking that "Career advancement" (a newly borrowed American euphemism for prevention of stagnation) will be better with a total of three increments over a span of twenty years of service within the same post. This is regardless of how soon or late a person acquires a Ph. D. The

Central Government and the U. G. C. proclaims that this will promote academic excellence and will attract the best talent to the profession. In short the policy intent is crystal clear. It cannot at all avert but generate" "an adverse effect on morale". It is meant to cut into fragments the strengthening movement of teachers and "to teach them to keep their place and hold their tongues".

It is universally accepted that "the State as the biggest employer (as a model employer) should lay down a fair and well defined policy for the promotion of its employees. That in fact is one of the two basic conditions for a good public service; the other being security of service" The Radhakrishnan Commission and the Education Commission (1964-66) did upheld the same intelligent proposition on the subject of promotion within the teaching community. Mehrotra Committee in this respect is an exception. Relying on this Committee's Singular conclusion in the matter of promotional prospects for teachers, the Central Government now has ordered that teaching profession if it is to attract good people must not have any promotion policy. The absurd logic is: good teachers become bad teachers once they receive promotion! Hence no promotion! If good people and good teachers get frustrated over a long and dull cereer in which they reach no place, well let them be the beneficiaries of the fancy new idea of 'career progression'.

Career progression or vertical mobility is ingeniously engineered in such a way whereby lecturers and readers are first demoted through a three tier and two-tier split-up respectively. Then starts the promotion movement from the bottom of each post to the top of the very same post. With the result the teachers are in actuality further demeaend and deprived of even the status they have at present. Prior to 1974, a teacher could seek post to post promotion after 5 years of service. Under the current merit promotion scheme at least one promotion is available to teachers with 10 years of teaching experience. But the new aeon stipulates that a teacher must wait for no less than 20 years befor he can reach the same salary point through 'career progression'.

Mr. Mehrothra has taken strong exception to time bound promotion schemes. To him it was the result of "accumulated pressure". It should be remembered that this unworthy price of political impressionism is not supported by even a shred of evidence.He thought it convenient not to establish the slandor that the new scheme of 'career progression' minus promotion prospects will promote academic excellence on a sound rationale. If internal promotion policy is detremental to excellence,then why in the IAS and other class I services the only modality of promotion is length of service? Are we to understand that excellence is not required at levels of decision making often crucial to the health of the body politic? Is it too much to ask that at least one time scale promotion be available to college teachers who are otherwise denied of all accompanying perks throughout the service that lengthens to 30 years?

**READ AND SUBSCRIBE**
**KERALA PRIVATE COLLEGE TEACHER**

# University Acts, Statutes, Ordinances, Regulations, Rules etc.

Prof. T. GOPALAKRISHNAN

(Continued from the last issue)

**Meaningless talk about "the recognition" of Gandhiji University by the U. G. C.**

It is important to note any University, established on the basis of an Act passed by the Legislative Assembly of the State is a "Statutory University". Such a university need not be formally recognised by the U. G. C. In other words there is no formal "recognition" of a University established or incorporated by or under a State Act, by the U. G C as has been made out to be by the State Education Ministers. There is recognition by the commission in consultation with the University concerned, only of "Institutions for higher education" (other than a University) included in the term 'University" (Vide clause (f) of section 2 of the U G C Act. They are Institutions "deemed to be Universities" under section 3 of the U G. C. Act. The name of Gandhiji University has figured in the U. G. C Report for the year 1983-84- It is a "new University" and not a "new institution" which had to be given recognition as an Institution deemed to be a University. what the U. G. C does after a new University has been Set up is, "declaring the University fit to receive central assistance" in terms of the rules framed under section 12-A (now read as section 12B) of the U. G. C Act. This,the U. G. C. does if the State Govt. concerned fulfils the conditions stipulated in the Rules. what has been Stated in the U. G. C. Reports for the year 1983-84 and 1984-85 is, Gandhiji University Kottayam (Kerala) has not been "declared fit to receive central assistance ........ as the State Gcvt. has not yet fulfilled the conditions laid down under the Rules framed under sections 12A (now section 12B) The talk that the Gandhiji University Act, 1985 has to be got amended in order to enable Gandhiji University to get "U. G. C. recognition', is thus. clearly meaningless. No change has yet been made in the Model Act adopted by the parliament in 1968 The directives in regard to the composition and mode of constitution of the various University bodies said to have been given by the U. G.C. run counter to what has been Provided in the model Act, and the Rules made by the Govt of India in 1975 under section 12-A (now section 12B) They have no legal validity at all as they are based on cerain recommendations made by the Vice Chancellors' conferences and Suggestions made by certain Reveiw committees constituted by the U. G C. what the State Govt has to do to get the University declared by the U. G. C. fit to receive central assistance is to fulfil the conditions laid down under the Rules made by the Govt. of India in 1974.

(In conclusive)

# കോടാലിക്കൈകളുടെ നുണപ്രചരണം

പ്രൊഫ. വി. നാരായണൻ കുട്ടി
പ്രസിഡൻറ്, എ കെ പി സി ററി എ

യു. ജി. സി. ശമ്പള നിരക്കുകൾ ഇന്ത്യയിലെ മുഴുവൻ കോളേജ് യൂനിവേഴ്സിററി അധ്യാപകർക്കും ലഭ്യമാക്കുക, ശമ്പളപരിഷ്ക്കരണത്തിനു വച്ചിട്ടുള്ള അപ്രായോഗിക മുൻ ഉപാധികൾ പിൻവലിക്കുക, കമ്മീഷൻ നിർദേശിച്ച തോതിൽ ഇതിനുള്ള സാമ്പത്തിക ബാദ്ധ്യത കേന്ദ്ര സർക്കാർ ഏറെറടുക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഐഫക്ടോവിൻെറ കൊടിക്കീഴിൽ നാം നടത്തുന്ന ഐതിഹാസിക സമരം ശക്തിപ്രാപിച്ച് പരിപൂർണ്ണ വിജയത്തിലേക്കു നീങ്ങുകയാണല്ലോ. നാം പ്രതീക്ഷിച്ചതുപോലെതന്നെ സ്വന്തം മൂക്കുമുറിച്ച് ശകുനം മുടക്കുന്ന കോടാലിക്കൈകൾ നുണപ്രചരണവുമായിറങ്ങിയിട്ടുണ്ട്.

1. ഒരു ആരോപണം വന്നിരിക്കുന്നത് നാം കേന്ദ്രവിരുദ്ധ സമരം നടത്തുന്നുവെന്നതാണ്. മെഹറോത്രാക്കമ്മീഷൻെറ അധ്യാപക താൽപര്യവിരുദ്ധ ശുപാർശകളെല്ലാം തന്നെ അംഗീകരിക്കുകയും ശമ്പളസ്കെയിലുകൾ ഇഷ്ടംപോലെ വെട്ടിക്കുറയ്ക്കാൻ സ്റേററുകൾക്ക് അനുവാദം കൊടുക്കുകയും ചെയ്ത കേന്ദ്ര സർക്കാരിന്നെതിരെ സമരം ചെയ്യാതെ അധ്യാപക താൽപര്യം എങ്ങനെ സംരക്ഷിക്കാൻ കഴിയും?

2. പുതിയ ശമ്പളപരിഷ്ക്കാരത്തിന്നു വരുന്ന അധികച്ചിലവ് കേന്ദ്രം നൽകണമെന്നാവശ്യപ്പെടുന്നതാണ് നമ്മുടെ മറെറാരു കുററം. ഈ ആവശ്യം കേരള വിദ്യാഭ്യാസ മന്ത്രി മാത്രമല്ല ഏഴു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ ഉന്നയിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഇന്ത്യയിലാകെ ഒറു ഐകരൂപ്യമുള്ള വേതന ഘടന നടപ്പിലാക്കുന്നതിലുണ്ടായ പരാജയം കണക്കിലെടുത്തു മെഹറോത്രാ കമ്മിററിയും ഇങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ട് കമ്മിഷൻെറ ഈ ശുപാർശ നടപ്പിലാക്കണമെന്നു നാം ആവശ്യപ്പെടുന്നതു കുററമാണോ?

3. ശമ്പള പരിഷ്ക്കാരത്തിന്നു സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻ ഉപാധികളെ നാം പെരുപ്പിച്ചു കാണിക്കുന്നുവെന്നാണ് ഒരാരോപണം. സ്ഥിതി 1973ൽ നിന്നു വ്യത്യസ്തമാണെന്നു ഈ ആരോപണകർത്താക്കൾ മനസ്സിലാക്കുന്നില്ല. അന്നു ശമ്പള സ്കെയിലുകൾ വെട്ടിക്കുറയ്ക്കുവാൻ സംസ്ഥാനങ്ങൾക്കധികാരം നൽകിയിരുന്നില്ല, വ്യവസ്ഥകളിൽ പ്രാദേശികമായ നീക്കുപോക്കുകൾ ചെയ്യാമായിരുന്നു. ഇന്നു വ്യവസ്ഥകൾ അലംഘനീയമാണ്. ശമ്പളസ്കെയിലുകൾകൂടെ സ്റേററുകൾക്ക് തോന്നിയപോലെ വെട്ടിക്കുറക്കുകയും ചെയ്യാം. വ്യവസ്ഥകളുടെ കാര്യത്തിൽ പ്രഖ്യാപിക്കപ്പെട്ട ഇളവുകൾകൂടെ രണ്ടുവർഷത്തേക്കു മാത്രമാണ്. ഈ കർക്കശവ്യവസ്ഥകളെ നിസ്സാരവൽക്കരിച്ചു കാണിക്കാൻ ശ്രമിക്കുന്നവർ 1973നുശേഷം വന്ന അധ്യാപകരുടെ താൽപര്യത്തെ അപകടപ്പെടുത്താനാണ് ശ്രമിക്കുന്നത് (അതിനുമുമ്പ് ജോലിയിൽ പ്രവേശിച്ച ആരോപണകർത്താക്കൻമാരടക്കമുള്ളവർക്കു ഈ വ്യവസ്ഥകളിൽ ധാരാളം ഇളവുകൾ നൽകിയിട്ടുണ്ട്) പ്രീഡിഗ്രി ബോർഡു സമരകാലത്തു ജൂനിയർ അധ്യാപകരെ പുറംതള്ളിപ്പറഞ്ഞ അതേ ചേതോവികാരമാണ് ഈ സ്വയം നിയമിതരായ നേതാക്കൻമാരെ ഇപ്പോഴും നയിക്കുന്നത്. അണികൾ മരപ്പാവകളെപ്പോലെ അനുസരിക്കുന്ന സംഘങ്ങളിലേ, നേതാക്കൻമാരുടെ ഈ സ്വാർത്ഥിക്കൊതി നടക്കുകയുള്ളു.

4. അധ്യാപകരെ പല തട്ടുകളിലാക്കുന്നത് ആർക്കു ഗുണകരമാണെന്നു കേന്ദ്ര വിദ്യാഭ്യാസ വകുപ്പിൻെറ വക്താവും, അവരുടെ വക്താക്കളായ പ്രസ്തുത ആരോപണ കർത്താക്കളും പറയുന്നു. സർവീസിൽ കിട്ടാവുന്ന പല പല പ്രൊമോഷനുകളും അതിനോടനുബന്ധിച്ച് ശമ്പളത്തിലുണ്ടാകുന്ന "ജമ്പുകളും" കണക്കുകൂട്ടി സംഘടനാ വ്യവസായികൾ മനഃപ്പായസമുണ്ണുകയാണ്. ഈ ശ്രദ്ധുകൾ ലക്

ച്ചാർ തസ്തികയിലാണെന്നിരിക്കെ ഈ മനഃപ്പായസത്തിന്നു മധുരം കാണുമെന്നുതോന്നുന്നില്ല. പ്രൊമോഷനുള്ള കർക്കശ വ്യവസ്ഥകൾ മേലധികാരികൾ ദുരുപയോഗപ്പെടുത്തുമെന്ന ഭയമൊന്നും ഈ പാദസേവക സംഘങ്ങളെയോ അവരുടെ നേതാക്കളെയോ അലട്ടുന്നില്ല. എന്നാൽ അധ്യാപകർ തമ്മിലുള്ള ഐക്യ ദാർഢ്യം വർദ്ധിപ്പിക്കുവാനും ആത്മാഭിമാനമുള്ള അധ്യാപകർ ശിക്ഷിക്കപ്പെടാതിരിക്കുവാനും അധ്യാപകർക്ക് 1973 ലെപ്പോലെ ഒരു running scale അനുവദിക്കണമെന്നേ വർഗബോധമുള്ള അധ്യാപകരുടെ സംഘടനകൾക്ക് ആവശ്യപ്പെടാൻ കഴിയൂ.

1973ലെ ശമ്പളസ്കെയിലിൽ 1300ന്നു ശേഷം Assessment ഉണ്ടായിരുന്നില്ലേ എന്നാണൊരു ചോദ്യം. അന്ന് അതിന്നെതിരായി AIFUCTO ശക്തമായ സമരം നടത്തിയതിനെത്തുടർന്ന് പ്രസ്തുത Assessment നീക്കം ചെയ്യപ്പെട്ടതു അറിയാത്തതോ മറന്നതോ മറച്ചുപിടിച്ചതോ?

5. ഐഫക്ടോ ഇതുവരെ എവിടെയായിരുന്നുവെന്നാണ് അജ്ഞതയിൽ നിന്നുയർന്ന മറ്റൊരു ചോദ്യം. 1973 ലെ യു. ജി. സി. ശമ്പളനിരക്കുകൾ നേടിയെടുക്കുന്നതിന്നു വേണ്ടിയും അതിലെ Assessment നീക്കികിട്ടുന്നതിന്നു വേണ്ടിയും AIFUCTO നടത്തിയ പോരാട്ടങ്ങൾ ആർക്കാണറിഞ്ഞുകൂടാത്തത്? മെഹരോത്രാ കമ്മിററിയെ നിയമിച്ചുകിട്ടുവാനും അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിലുള്ള കുററകരമായ കാലതാമസത്തിന്നെതിരെയും പ്രസ്തുത റിപ്പോർട്ടു പ്രസിദ്ധീകരിച്ചു കിട്ടുവാനും തങ്ങളുമായി ചർച്ച ചെയ്ത് അതിൽ സർക്കാറിനെക്കൊണ്ടു തീരുമാനമെടുപ്പിക്കുവാനും ഐഫക്ടോ നടത്തിയ അഖണ്ഡധർണ, പ്രതിഷേധപ്രകടനം, നിയമലംഘനം, സൂചനാപണിമുടക്ക് തുടങ്ങിയ സമര പരമ്പരകളൊന്നും അറിയാത്തവർ എ. കെ. പി. സി. ടി. എ യുടെ ഐഫക്ടോ ഭക്തികണ്ട് ഇന്ന് അന്തം വിട്ടുനിൽക്കുകയാണ്. ഇന്നു ''മഹരോത്ര''യെന്നും ''മൽഹോത്ര''യെന്നുമൊക്കെ തെററായി പറഞ്ഞു നടക്കുന്ന ഊർക്കിൽ സംഘടനകളുടെ നേതാക്കൻമാർക്ക് അതുപറയാനവസരമുണ്ടാക്കിയതുതന്നെ ഐഫക്ടോയാണെന്ന് അവർ മനസ്സിലാക്കുമോ?

6. നമ്മുടെ സംഘടനയെ അവരുടെ ഏററവും വലിയ ശകാരവാക്കായ ''സിട്ടു''പക്ഷമെന്നു പറഞ്ഞു ആരോപണകർത്താക്കൾ ആക്ഷേപിക്കുന്നു. ഈ ആരോപണം നിഷേധിക്കുന്നത് അപമാനകരമായതുകൊണ്ടല്ല വസ്തുതാപരമല്ലാത്തതുകൊണ്ട് മാത്രമാണ്. വിവിധ രാഷ്ട്രീയവും പ്രത്യയശാസ്ത്രാഭിമുഖ്യവുമുള്ളവർ സ്വകാര്യ കോളേജ് അധ്യാപകരുടെ താൽപര്യസംരക്ഷണത്തിന്നുവേണ്ടി ഈ സംഘടനയിൽ പരിപൂർണ്ണ പരസ്പരധാരണയോടെ പ്രവർത്തിക്കുന്നു. അരാഷ്ട്രീയത്തിന്റെ പേരിൽ കണ്ണൂരിൽ സി എം പി യും കോഴിക്കോട് ഇടതുപക്ഷത്തിന്റെ തിരുത്തൽ ശക്തിയും യൂനിവേഴ്സിററിയിൽ എസ്. ആർ. പി. യും കോട്ടയത്തും തിരുവനന്തപുരത്തും കേരള കോൺഗ്രസ്സുമായി മാറുന്ന ഓന്തു രാഷ്ട്രീയമൊന്നും ഈ സംഘടന കളിക്കാറില്ല.

7. തങ്ങളാണ് യഥാർത്ഥ എ. കെ. പി. സി. ടി. എ. എന്നാണല്ലോ ഇപ്പോഴും ഭാവം. വല്ലാത്ത തൊലിതന്നെ. എസ് എൻ മാനേജരുടെ ഒത്താശയോടെ കോഴിക്കോട് യൂനിവേഴ്സിററി സിണ്ടിക്കേററിലെത്തുകയും എൻ എസ് എസ് മാനേജർക്കുവേണ്ടി കേരള യൂനിവേഴ്സിററി സിണ്ടിക്കേററിലേക്കു വോട്ടുപിടിക്കുകയും ചെയ്തൊരു സംഘടനക്ക് ഒട്ടേറെ മാനേജ്മെൻറ് വിരുദ്ധസമരങ്ങൾ നടത്തിയ എ കെ പി സി ടി എ യുടെ ഏതു പൈതൃകാംശമാണ് അവകാശപ്പെടാൻ കഴിയുക? ഇക്കഴിഞ്ഞ ഗാന്ധിജി യൂനിവേഴ്സിററി അക്കാദമിക് കൗൺസിൽ തിരഞ്ഞെടുപ്പിൽ പ്രൈവററ് കോളേജ് അധ്യാപകർ തീർത്തും തള്ളിക്കളഞ്ഞൊരു സംഘടന ഇനിയും നിലനിൽക്കുന്നോ? എവിടെ? ആർക്കു വേണ്ടി?

8. യു ജി സി സ്കെയിലിന്നു വേണ്ടിയുള്ള സമരത്തിനെതിരെ സമരപ്രഖ്യാപനം നടത്തിയിരിക്കുന്ന ഇവർക്ക് അധ്യാപകരുടെ സമരമുന്നണിയിൽ ഒരു വിള്ളലുമുണ്ടാക്കാനാവില്ല. കഴിഞ്ഞ പ്രീഡിഗ്രി ബോർഡ് സമരത്തിന്ന് ഇവരുടെ സംഭാവന തീപാറുന്ന പ്രസ്താവനകൾ മാത്രമായിരുന്നല്ലോ. അവർ ഉടക്കടിച്ചു നിന്നാലും പ്രൈവററ് കോളേജധ്യാപകരുടെ സമരൈക്യത്തിൽ വിള്ളലുണ്ടാവുകയില്ല.

സ്വന്തം മൂക്കുമുറിച്ച് ശകുനം മുടക്കുന്നവർ, പുരകത്തുമ്പോൾ കിട്ടുന്ന കഴുക്കോൽ ഊരിക്കൊണ്ടോടുന്നവർ എന്നിങ്ങനെ ചരിത്രം ഈ കുലംകുത്തികളെ വിലയിരുത്താതിരിക്കുകയില്ല. ഇവരുടെ നുണപ്രചരണങ്ങളെ തൃണവൽഗണിച്ച് പരമാവധി അധ്യാപകരുടെ സമരൈക്യം ഊട്ടിയുണ്ടാക്കി നമുക്കു മുന്നേറാം. ☐

# സമരാവേശം നിറഞ്ഞ ജില്ലാ കൺവെൻഷനുകൾ

അയ്ഫക്ടോയുടെ ആഹ്വാനമനുസരിച്ച് ദേശീയ തലത്തിൽ നടക്കുന്ന പണിമുടക്കു സമരത്തിൽ കേരളത്തിലെ എല്ലാ കോളേജ്, സർവ്വകലാശാലാ അദ്ധ്യാപകരേയും അണിനിരത്താൻ എ. കെ. പി. സി. ടി. എ. എല്ലാ ശ്രമങ്ങളും നടത്തി സമരം ഒരു വമ്പിച്ച വിജയമാക്കി തീർക്കണമെന്ന് ജില്ലാകൺവൻഷനുകൾ ആഹ്വാനം ചെയ്തു. കൺവൻഷനുകളുടെ ജില്ലാതല റിപ്പോർട്ടുകൾ താഴെ കൊടുക്കുന്നു.

## തിരുവനന്തപുരം

ജൂലൈ 23ന് സ്റേററ് കമ്മററി ഓഫീസിൽ വച്ച് ശ്രീ. ഷാജി വാസിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. ബി. രാധാകൃഷ്ണൻ എന്നിവർ സമരത്തിനാധാരമായ പ്രശ്നത്തിന്റെ വിവിധ വശങ്ങളെപ്പററി സംസാരിച്ചു. പ്രൊഫ. ടി. എൻ. ആർ. പിള്ള സ്വാഗതവും പ്രൊഫ. കെ. പി. ദിവാകരൻ നായർ കൃതജ്ഞതയും പറഞ്ഞു.

## ആലപ്പുഴ

ജൂലൈ 22ന് കായംകുളം എം. എസ്. എം. കോളേജിൽ പ്രൊഫ. കെ. ജി. കെ. പിള്ളയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി. ആഗസ്ററ് നാലിന് ആരംഭിക്കുന്ന അഖിലേന്ത്യാസമരത്തിന്റെ വിഭിന്ന വശങ്ങളെക്കുറിച്ച് പ്രൊഫ. ടി. ഗോപാലകൃഷ്ണനും, പ്രൊഫ. എസ്. വിശ്വനാഥനും സംസാരിച്ചു. പ്രൊഫ. പരമേശ്വരൻപിള്ള, പോററി, മാത്യുവർഗ്ഗീസ്, ജോൺ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. എസ്. ശശിധരൻ സ്വാഗതവും, ഇ. എസ്. പീററർ കൃതജ്ഞതയും പറഞ്ഞു.

## കൊല്ലം

ജൂലൈ 18ന് ഫാത്തിമാ കോളേജിൽവച്ച് പ്രൊഫ. ഗോപിക്കുട്ടന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടി. അഖിലേന്ത്യാപണിമുടക്കിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് പ്രൊഫ. വി. നാരായണൻകുട്ടി. പ്രൊഫ. ബി. രാധാകൃഷ്ണൻ, പ്രൊഫ. കെ. ജി. കെ. പിള്ള, പ്രൊഫ. എ. ആൻറണി എന്നിവർ സംസാരിച്ചു. പ്രൊഫ. ഹരിമോഹനൻ സ്വാഗതവും, ഡോ. റസലുദീൻ കൃതജ്ഞതയും പറഞ്ഞു.

## പത്തനംതിട്ട

ജൂലൈ 18ന് പത്തനംതിട്ട നമ്പൂതിരീസ് കോളേജിൽവച്ച് പ്രൊഫ. പി. ജെ. പത്രോസിന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടി. പ്രൊ. ടി. ഗോപാലകൃഷ്ണനും, ഡോ. എം. സി. ചാക്കോയും സമരത്തിനാധാരമായ പ്രശ്നങ്ങൾ വിശദീകരിച്ചു പ്രൊഫ. നമ്പൂതിരി, പ്രൊഫ. പണിക്കർ, പ്രൊഫ. കെ. രാജഗോപാലൻ, കൃഷ്ണൻകുട്ടി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. പ്രൊഫ. ചന്ദ്രശേഖരൻ നായർ സ്വാഗതവും, പ്രൊഫ. വർഗീസ് ജോർജ് കൃതജ്ഞതയും പറഞ്ഞു.

## കോട്ടയം, ഇടുക്കി

ജൂലൈ 23ന് ബസ്സേലിയസ് കോളേജിൽവച്ച് പ്രൊഫ. സി. എം. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. എസ്. വിശ്വനാഥൻ എന്നിവർ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ സ്വാഗതവും, പ്രൊഫ. ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.

## എറണാകുളം

ജൂലൈ 22ന് സെൻറ് ആൽബർട്ട്സ് കോളേജിൽ കൺവൻഷൻ ചേർന്നു. സമരവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പ്രൊഫ. പി. നരേന്ദ്രൻ, ജോയികുളവേലിൽ, എം. എ. ജോൺ എന്നിവർ സംസാരിച്ചു.

## തൃശൂർ

ജൂലൈ 21ന് എൻ. ജി. ഒ. യൂണിയൻ ഹാളിൽ പ്രൊഫ. ഇ. എം. ആൻറണിയുടെ അധ്യക്ഷതയിൽ യോഗംകൂടി. പ്രൊഫ. ജി മാധവൻനായർ, പ്രൊഫ. എം. സലിം എന്നിവർ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു. പ്രൊഫ. എ. എം. കൃഷ്ണൻ സ്വാഗതവും, എം. മുരളീധരൻ കൃതജ്ഞതയും പറഞ്ഞു.

## പാലക്കാട്

ജൂലൈ 22ന് ഗവ: മോയൻസ് ഹൈസ്കൂളിൽവച്ച് പ്രൊഫ. എം. സലീമിൻെറ അധ്യക്ഷതയിൽ യോഗം ചേർന്നു പ്രൊഫ. ജി. മാധവൻനായർ സമരത്തിൻെറ പ്രാധാന്യം വിശദീകരിച്ചു. ഡോ. പി. എസ്. പണിക്കർ സ്വാഗതവും, പ്രൊഫ. എൻ. ശിവരാജൻ കൃതജ്ഞതയും പറഞ്ഞു.

## മലപ്പുറം

ജൂലൈ 23ന് തിരൂരങ്ങാടി പി. എസ്. എം. ഓ. കോളേജിൽവച്ച് പ്രൊഫ. പി. മമ്മതിൻെറ അധ്യക്ഷതയിൽകൂടി. സമരത്തിനാധാരമായ പ്രശ്നങ്ങളെക്കുറിച്ച് പ്രൊഫ. ജി. മാധവൻനായർ, പ്രൊഫ. എം. സലിം എന്നിവർ സംസാരിച്ചു. എ. ശിവരാമൻ സ്വാഗതവും, അബ്ദുറം വഹാബ് കൃതജ്ഞതയും പറഞ്ഞു.

## കോഴിക്കോട്–വയനാട്

ജൂലൈ 23ന് മലബാർ കൃസ്ത്യൻ കോളേജിൽവച്ച് പ്രൊഫ. പി. പത്മനാഭൻെറ അധ്യക്ഷതയിൽ യോഗംകൂടി. പ്രൊഫ. വി. നാരായണൻ കുട്ടിയും, ഡോ. എം. സി. ചാക്കോയും യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു. വി. രാജഗോപാൽ സ്വാഗതവും, പ്രൊഫ. പി. വി. ചന്ദ്രമോഹനൻ കൃതജ്ഞതയും പറഞ്ഞു.

## കണ്ണൂർ

ജൂലൈ 21ന് എൻ. ജി. ഒ. യൂണിയൻ ഓഫീസിൽ വച്ച് യോഗംകൂടി. ആഗസ്ററ് 4ന് തുടങ്ങുന്ന സമരത്തിൻെറ വിവിധ വശങ്ങളെ പ്രതിപാദിച്ച് പ്രൊഫ. വി. നാരായണൻ കുട്ടിയും, പ്രൊഫ. ടി. എം. തോമസ്സും സംസാരിച്ചു.

# W. Bengal Govt. Supports Teachers' Demands

The Chief Minister West Bengal, following a deputation from West Bengal College and Universities Teachers' Association and Government College Teachers' Association, yesterday, August 4, requesting the Chief Minister's intervention in favour of college and university teachers' indefiniite strike movement on their 10-point charter of demands immediately wrote a letter to Shri P V. Narasimha Rao. In his letter Jyoti Basu suggested that too many divisions among teachers as envisaged in the revision scheme by the Government of India should be avoided. Jyoti Basu also opposed undemocratic principles regarding recruitment and other service matters of teachers. He also strongly felt that 100 percent of additional expenditure for pay revision should be borne by the Centre till the end of the Eighth Plan period.

# അവഗണിക്കപ്പെടുന്ന അദ്ധ്യാപകർ

[പ്രൊഫ. പി. മീരാക്കുട്ടി, ടി. കെ. എം. ആർട്ട്സ് കോളേജ്, കൊല്ലം]

കേരളത്തിലെ പ്രൈവറ്റ് കോളേജ് അധ്യാപകരുടെ ഇടയിൽ അവഗണിക്കപ്പെട്ട ഒരു വിഭാഗം ഉണ്ട്; അറുപതു വയസ്സുവരെ സർവ്വീസിൽ തുടരാൻ ഓപ്റ്റ് ചെയ്ത ഹതഭാഗ്യരാണവർ! മററുള്ളവരുടെ ദൃഷ്ടിയിൽ ഭാഗ്യശാലികളായി കാണപ്പെടുന്ന ഇവർ ഭാഗ്യദോഷികളാണെന്നുള്ളതാണ് വാസ്തവം. ചത്താലും കട്ടിലൊഴിയാത്തവരെന്ന് ഇക്കൂട്ടരെ പരിഹസിക്കാറുണ്ട്. സ്കൂൾ സർവ്വീസിന്റെ ആനുകൂല്യത്തിൽ അറുപത് ഓപ്റ്റ് ചെയ്തവരുടെനേരേ തൊടുത്തുവിടുന്ന പരിഹാസശരം മറെറാരു വിധത്തിലുള്ളതാണ്—"തറ, പറ പഠിപ്പിച്ച തറവാടികൾ." ഇവയുടെ വക്താക്കളും ശ്രോതാക്കളും പൊട്ടിച്ചിരിയുടെ മാലപ്പടക്കങ്ങൾ പൊട്ടിക്കുമ്പോൾ, ഇതുമായി ബന്ധപ്പെട്ട ദുഃഖകരമായ യാഥാർത്ഥ്യം അധികംപേർ കാണുന്നില്ല.

പ്രൈവറ്റ് കോളേജുകളിലെ അധ്യാപകർക്കു ഡയറക്റ്റു പേയ്മെൻറു വ്യവസ്ഥനടപ്പിലാകുന്നതിനു മുമ്പ് അവർക്ക് തുച്ഛമായ ശമ്പളമായിരുന്നു കിട്ടിക്കൊണ്ടിരുന്നത്. വൻതുകയ്ക്ക് ഒപ്പിട്ടുവച്ചിട്ട് മാനേജരുടെ ഔദാര്യത്തിന് കൈനീട്ടിയവരും അക്കൂട്ടത്തിലുണ്ടായിരുന്നു. സ്കൂൾ അധ്യാപകരുടെ ശമ്പളം തുലോം പരിമിതമായിരുന്നുവല്ലോ. ഹൈസ്കൂളിൽപ്പോലും പ്രതിമാസം 45രൂപ ശമ്പളത്തിന് ജോലിചെയ്ത അധ്യാപകരുമുണ്ടായിരുന്നു. ആയുസ്സിന്റെ ഊർജ്ജസ്വലമായ നാളുകളിൽ ഇങ്ങനെ നാമമാത്രമായ വേതനത്തിന് സേവനം നടത്തേണ്ടിവന്ന ഭാഗ്യദോഷത്തിന് നഷ്ടപരിഹാരമെന്ന നിലയിലായിരുന്നല്ലോ മുഖ്യമായും അറുപത് ഓപ്റ്റ് ചെയ്യാനുള്ള അവസരം അനുവദിക്കപ്പെട്ടത്. ഈ ആനുകൂല്യം തട്ടിത്തെറിപ്പിക്കുന്ന തരത്തിലായിരുന്നു ഗവൺമെൻറിന്റെ സമീപനം. പല അധ്യാപകസംഘടനകളും ഈ അനീതി കണ്ടില്ലെന്നു നടിച്ചപ്പോൾ എ. കെ. പി. സി. റ്റി. എ. ഇത്തരക്കാരായ അധ്യാപകരുടെ അവശതാപരിഹാരത്തിനു ശ്രമിക്കുകയുണ്ടായെന്ന പരമാർത്ഥം കൃതജ്ഞതാപൂർവ്വം സ്മരിക്കുകതന്നെവേണം. അങ്ങനെയുണ്ടായ ചില നേട്ടങ്ങളുടെ പിതൃത്വം ചില കടലാസു സംഘടനകൾ അവകാശപ്പെടാറുണ്ടെന്നുള്ളത് ദുഃഖകരമായ മറെറാരു സത്യമാണ്.

ഈ ആനുകൂല്യം കടുത്ത ശിക്ഷയായി ത്തീർന്നിരിക്കുകയാണ്. ഒരാനുകൂല്യം അവകാശനിഷേധങ്ങൾക്കിടയാക്കുന്ന വിരോധാഭാസത്തിന് ഇരയായവരാണ് അറുപത് ഓപ്റ്റുചെയ്ത പ്രൈവററ് കോളേജ് അധ്യാപകർ. അറുപതാം വയസ്സിൽ വെറും കയ്യോടെ പുറത്തു പോകേണ്ട ഗതികേടിലാണവർ. അവർക്കു ഗ്രാററ്വിററിയേയില്ല; പ്രോവിഡൻറു ഫണ്ടില്ല; ഫാമിലി ബനിഫിററ് സ്കീം തുകയുമില്ല. 55 വയസ്സിനുശേഷം ജനറൽ പ്രോവിഡൻറു ഫണ്ടിൽ തുടരാൻ അവർക്ക് അവകാശമില്ല. കോൺട്രിബ്യൂട്ടറി പ്രോവിഡൻറ് ഫണ്ടിൽ ചേരാൻ വ്യവസ്ഥയുണ്ടെങ്കിലും അത് നടപ്പിലായിട്ടില്ല. പ്രോവിഡൻറു ഫണ്ടു വിഹിതം അടയ്ക്കാൻ കഴിയാത്തതുകൊണ്ടു ആദായനികുതി ഭാരിച്ചതായിത്തീർന്നിരിക്കുന്നു. എഫ് ബി എസ് തുടരാൻ അനുവാദമില്ലാത്തതും ഈ നികുതി ഭാരത്തിനു കാരണമാണ്. നല്ല വീതാംശം അടയ്ക്കാവുന്ന വേതനം കിട്ടുന്ന കാലത്ത് അതുകഴിയാതെ പോകുന്നുവെന്നു മാത്രമല്ല, ആദായ നികുതിയിലൂടെ വേതന വർദ്ധനവിന്റെ ആനുകൂല്യം നഷ്ടപ്പെടുകകൂടിയാണ് ചെയ്യുന്നത്. 55 വയസ്സിനുശേഷം മരണമടയാനിടയായാൽ എഫ്. ബി. എസിന്റെ ആനുകൂല്യം ഇത്തരക്കാരുടെ അവകാശികൾക്കു ലഭിക്കാതെ പോകുകയും ചെയ്യും. ദീർഘകാലത്തെ അധ്യാപനത്തിലൂടെ കൈവന്ന വൈദഗ്ധ്യം പ്രയോജനപ്പെടുന്ന 55 മുതൽ 60 വരെയുള്ള കാലത്തെ സേവനകാലം പെൻഷനു കണക്കാക്കുകയില്ലെന്ന ക്രൂരതയാണ് മറെറാരു വൈചിത്ര്യം; വിദഗ്ധസേവനത്തിനു വിലയില്ലാതായിത്തീരുന്ന വൈചിത്ര്യം!!

ആനുകൂല്യത്തിന്റെ മറ്റൊരു വൻശാപം പെൻഷൻനിരക്കിലുള്ള ഹീനമായ വിവേചനമാണ്. അറുപതു വയസ്സുവരെ സേവനം നടത്തുന്നവർക്ക് മൂന്നിലൊന്നു പെൻഷനു മാത്രമാണ് അർഹതയുള്ളത്. അറുപതു വയസ്സുവരെ ജോലിചെയ്തു പോയതുകൊണ്ട് ജീവിതാവശ്യങ്ങൾ കുറയുമെന്നാണോ ഈ വിവേചനം വിവക്ഷിക്കുന്നത്? വാർദ്ധക്യത്തിന്റെ മൗലികാവകാശങ്ങളുടെ നേരെയുള്ള വെല്ലുവിളിയാണിത്. സോഷ്യലിസത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ സ്വത്വം ചവിട്ടിമെതിക്കപ്പെടുന്നത് ആദർശശാലികളെ വേദനിപ്പിക്കാതിരിക്കുന്നതു വല്ലാത്തൊരു പ്രഹേളിക തന്നെ.

എന്നാൽ 60 വയസ്സിൽ റിട്ടയർ ചെയ്യുകയും 55-ാം വയസ്സിൽ റിട്ടയർ ചെയ്യുന്നവരുടെ മുഴുവൻ ആനുകൂല്യങ്ങളും അതേനിരക്കിൽ ലഭിക്കുകയും ചെയ്യുന്നവർ കേരളത്തിൽത്തന്നെയുണ്ട്. കേരളത്തിലെ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ അധ്യാപകർക്ക് 60 വയസ്സുവരെ തുടരാവുന്നതാണ്. അവർക്ക് പൂർണ്ണമായ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. പ്രൈവറ്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും 60 വയസ്സുവരെ തുടരുന്ന അധ്യാപകരുടെ ഇടയിലുള്ള ഈ വിവേചനം മൗലികാവകാശലംഘനമാണെന്നു പോലും പറയാം. ഒരു പന്തിയിൽ രണ്ടുതരം വിളമ്പ്!!

ഈ നഗ്നയാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അറുപതാം വയസ്സിൽ റിട്ടയർ ചെയ്യുന്ന പ്രൈവറ്റ് കോളേജ് അധ്യാപകർക്ക് പൂർണ്ണപെൻഷനും ഗ്രാറ്റ്വിറ്റിയും കിട്ടുന്നതിനും, 55 വയസ്സിനു ശേഷമുള്ള സർവ്വീസ് പെൻഷനു പരിഗണിക്കുന്നതിനും കൂടി പ്രക്ഷോഭണം അവശ്യമായിത്തീർന്നിരിക്കുന്ന വസ്തുത സംഘടനാ സാരഥികളുടെ സജീവശ്രദ്ധയിൽപ്പെടുമെന്നു പ്രത്യാശിക്കുന്നു.

# ഈർക്കിൽ സംഘടനകൾ വീണ്ടും പിളരുന്നു.

വ്യക്തി താല്പര്യത്തിന് സംഘടനരൂപീകരിച്ചുകൊണ്ടു നടക്കുന്ന വിദ്വാന്മാർ ആകെ വെട്ടിലായിരിക്കുകയാണ്. അഖിലേന്ത്യാ സമരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ അധ്യാപകർ, ഈർക്കിൽ സംഘടനകളുടെ നേതൃത്വം ഉപേക്ഷിച്ച് പണിമുടക്കു സമരത്തിൽ പങ്കെടുക്കുകയാണ്. അധ്യാപകരുടെ പുറകേ നടന്ന് സമരത്തിൽ പങ്കെടുക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടു നടക്കുന്ന ഗതികേടിലാണ് ഈ സംഘടനകളുടെ നേതാക്കൾ. പ്രീഡിഗ്രിബോർഡ് വിരുദ്ധ സമരത്തിന്റെ ഗുണങ്ങൾ അനുഭവിക്കുന്ന അധ്യാപകർ, സമരത്തിലൂടെ കൈവരിക്കാവുന്ന നേട്ടങ്ങളെക്കുറിച്ച് ബോധവാന്മാരാണ് എന്നുള്ളതാണ് മേല്പടി നേതാക്കന്മാർക്കു പറ്റിയിരിക്കുന്ന പരാധീനത. യു.ജി.സി. ശമ്പളനിരക്കുകൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ഐതിഹാസികമായ ഈ അഖിലേന്ത്യാ സമരം വിജയിപ്പിക്കേണ്ടത് ഓരോ അധ്യാപകന്റെയും കടമയാണെന്നുള്ള ബോധം, സംഘടനാഭേദമന്യേ കേരളത്തിലെ എല്ലാ കോളേജ് അധ്യാപകർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ സംയുക്ത സമരസമിതി സന്തോഷിക്കുന്നു. സമരത്തിലണിനിരന്നിരിക്കുന്ന എല്ലാ അധ്യാപകർക്കും അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

## എ കെ പി സി ടി എ സംസ്ഥാന കമ്മറ്റി ഓഫീസ്

വിലാസം

28/416, അംബുജവിലാസം റോഡ്, തിരുവനന്തപുരം-1, ഫോൺ. 78177

# ഗാന്ധിജി സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ— എ. കെ. പി. സി. ടി. എയ്ക്ക് വൻ ഭൂരിപക്ഷം

പ്രൊ. ജോയ് കുളവേലിൽ, സെക്രട്ടറി എ. കെ. പി. സി. ടി. എ.

ജൂലൈ 10 ന് നടന്ന ഗാന്ധിജി സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ - എ കെ ജി. സി. ടി. സംയുക്തസമിതിക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. ആകെ 29 സ്ഥാനങ്ങളാണ് കൗൺസിലിൽ ഉള്ളത്. മെഡിസിൻ, എഞ്ചിനിയറിംഗ്, നിയമം, ഹോമിയോ, ഗാന്ധിയൻ പഠനം എന്നിവ ഒഴിച്ചുള്ള 24 സീററുകളിലാണ് ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ മത്സരം നടന്നത്. ഈ 24 സ്ഥാനങ്ങളിൽ സംയുക്തസമിതിയുടെ 14 അംഗങ്ങൾ വൻപിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. ഹിസ്ററി, സുവോളജി എന്നീ സീററുകൾ നഷ്ടപ്പെട്ടത് 10 ൽ താഴെ വോട്ടുകളുടെ വ്യത്യാസത്തിലാണ്.

നമ്മുടെ സ്ഥാനാർത്ഥികളും, സംഘടനയും നടത്തിയ ശക്തമായ പ്രചരണപ്രവർത്തനങ്ങൾ അനുസരിച്ചുകൊണ്ട് വളരെ വൈകി രംഗത്ത് വന്ന് ഒരുകൂട്ടം അധ്യാപകവിരുദ്ധർ നടത്തിയ പ്രവർത്തനങ്ങൾ അപലപനീയമാണ്. തങ്ങളാണ് യഥാർത്ഥ എ. കെ. പി. സി. ടി. എ. എന്ന് പറഞ്ഞ്, അധ്യാപകരുടെ ഇടയിൽ തെററിദ്ധാരണ പരത്താൻ ശ്രമിച്ച ഇക്കൂട്ടർക്ക് കനത്ത തിരിച്ചടി കിട്ടി. ഹോംസയൻസിൽ ഒരു സ്ഥാനം കിട്ടിയതായി അവർ അവകാശപ്പെടുന്നു. നമ്മൾ ഈ സീററിനുവേണ്ടി മൽസരരംഗത്തില്ലായിരുന്നു എന്ന് ഓർക്കുക. എ. കെ.പി.സി.ടി.എ ഒന്നേയുള്ളു എന്ന് അധ്യാപകർ ഉറക്കെ പറഞ്ഞിരിക്കുന്നു. ഗാന്ധിജി സർവ്വകലാശാലാമേഖലയിൽ ഈ അധ്യാപകവിരുദ്ധപ്രസ്ഥാനത്തിന് വേരുകളില്ലെന്ന് തെളിഞ്ഞിരിക്കുന്നു. അധ്യാപകരെ തെററിധരിപ്പിക്കാൻ സാധ്യതയില്ലെന്ന് ഇവർ ഇനിയും മനസ്സിലാക്കുമെന്ന് കരുതാം.

ഗാന്ധിജി സർവ്വകലാശാലയിൽ ആദ്യമായി നടന്ന ഒരു തെരഞ്ഞെടുപ്പാണിത്. ഈ തെരഞ്ഞെടുപ്പ് സാധ്യമാക്കിയതും യൂണി: യുടെ ജനാധിപത്യ സ്വയംഭരണ സംവിധാനങ്ങൾ നിലനിർത്താൻ ആവശ്യമായ സാഹചര്യം സൃഷ്ടിച്ചതും നമ്മുടെ ദീർഘനാളത്തെ പോരാട്ടങ്ങളുടെ ഫലമായാണ്. ഗാന്ധിജി യൂണി: വേണ്ടി തയ്യാറാക്കിയ ബിൽ പരിമിതമായ ജനാധിപത്യ സ്വഭാവം പോലും ഹനിക്കാൻ പോന്നതായിരുന്നു. സെനററ് ഉപദേശകസമിതിയാക്കുക, സിൻഡിക്കേററും അക്കാദമിക് കൗൺസിലും നോമിനേററഡ് സമിതികളാക്കുക തുടങ്ങിയ ജനാധിപത്യ വിരുദ്ധനിയമങ്ങളാണ് ബില്ലിൽ ഉണ്ടായിരുന്നത്. സർവ്വകലാശാല ഒരു സർക്കാർ വകുപ്പാക്കാനുള്ള ശ്രമത്തെ നമ്മൾ ചെറുത്ത് തോല്പിച്ചു. ഗാന്ധിജി യൂണി: ക്ക് യു. ജി. സി ധനസഹായം നഷ്ടപ്പെടുത്തിയ സാഹചര്യങ്ങൾ ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ നമുക്ക് കഴിഞ്ഞു. ആവശ്യമായ ഭൗതിക സാഹചര്യങ്ങളും, പഠനവകുപ്പുകളും, അധ്യാപകരും, ആസ്തിയും ഇല്ലാത്തതു കൊണ്ടാണ് യു. ജി. സി. ധനസഹായം ലഭിക്കാതിരുന്നതെന്ന് മോഡൽ ആക്ടിന്റെ പ്രസക്തവകുപ്പുകൾ നിരത്തിവെച്ച് ബഹുജനങ്ങളെയും, അധ്യാപകരെയും ബോധ്യപ്പെടുത്തിയതും എ. കെ. പി. സി. ടി. എ. തന്നെ. ഇപ്രകാരം ഗാന്ധിജി യൂണി: മേഖലയിലെ സജീവപ്രശ്നങ്ങൾക്ക് നേരെ പ്രതികരിച്ചതിന് അധ്യാപകർ നൽകിയ സമ്മാനമാണ് ഈ വൻവിജയം.

ഉന്നത വിദ്യാഭ്യാസ മേഖലയാകെ സ്വകാര്യവിദ്യാഭ്യാസകച്ചവടക്കാർക്ക് അടിയറ വെക്കാനാണ് പ്രീഡിഗ്രി ബോർഡ് രൂപീകരണം വഴി മുൻ സർക്കാർ ശ്രമിച്ചത്. വരേണ്യവർഗ്ഗ വളർച്ചയാണിതിന്റെ പിന്നിലെ ലക്ഷ്യമെന്ന് എ കെ പി സി ടി എ തറപ്പിച്ചു പറഞ്ഞു. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു അദ്ധ്യാപക

പ്രസ്ഥാനമെന്ന നിലയിൽ ഈ നീക്കത്തെ എതിർത്ത് തോൽപ്പിക്കാൻ നമ്മരം മുന്നോട്ടുവന്നു. ഈ ബോർഡ് രൂപീകരണം വഴി സ്വകാര്യവൽക്കരണം മാത്രമല്ല അദ്ധ്യാപകരുടെ നിലനിൽപ്പ്കൂടി അവതാളത്തിലാകുമെന്ന സ്ഥിതി സംജാതമായി. 60%ത്തിലധികം അധ്യാപകരുടെ നിലനിൽപ്പ് ഉറപ്പുവരുത്താനായി ബോർഡ് വിരുദ്ധ സമരം നയിച്ച് വിജയിപ്പിച്ചത് എ കെ പി സി ടി എ ആണ്. അധ്യാപകർ ഇത് മനസ്സിലാക്കി സംഘടനയോടും സംഘടനയുടെ പ്രവർത്തന പരിപാടികളോടും കൂടുതൽ ആഭിമുഖ്യംകാണിക്കുന്ന സ്ഥിതി ഇന്നുണ്ട്. ഭൂരിപക്ഷം കോളേജ് അദ്ധ്യാപകരും യൂണിവേഴ്സിററിയുടെ ഭാഗം ല്ലാതായിത്തീരുമെന്ന സാഹചര്യത്തിൽ എന്തോ ഉറപ്പു വാങ്ങി അധ്യാപകരെ വഞ്ചിച്ചവർക്ക് അക്കാദമിക് കൗൺസിലിൽ കനത്ത തിരിച്ചടി കിട്ടിയിരിക്കുന്നു. ഈ വിഭാഗം നേടിയത് 24 ൽ അഞ്ചു സ്ഥാനങ്ങളാണ്.

ഈ വിജയം സാദ്ധ്യമാക്കിയത് പ്രബുദ്ധരായ അധ്യാപകരുടെ, പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനഫലമായാണ്. സംഘടനയിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ഈ വിശ്വാസം കാത്തു സൂക്ഷിക്കുകതന്നെചെയ്യും. അക്കാദമിക് കൗൺസിലിൽ നമുക്കുള്ള വ്യക്തമായ ഭൂരിപക്ഷം അദ്ധ്യാപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമായി വിനിയോഗിക്കും. ഈ വൻ വിജയത്തിന് സഹായംഏകിയ എല്ലാവർക്കും, ഓരോരുത്തർക്കും അഭിനന്ദനങ്ങൾ, അഭിവാദ്യങ്ങൾ.

## സംയുക്ത സമിതി വിജയികൾ

1. ഇംഗ്ലീഷ്:പ്രൊഫ. ബാബുസക്കറിയാ, മാർത്തോമ്മാ, തിരുവല്ല.
2. ഫ്രഞ്ച്:പ്രൊഫ. കെ. സി. ജോർജ്, എസ്. എച്ച്. തേവര.
3. മലയാളം: ഡോ. കെ. നാരായണൻ നായർ, യു. സി. കോളേജ്, ആലുവാ.
4. ഹിന്ദി:പ്രൊഫ. ഋഷികേശൻ തമ്പി, ഗവ. കോളേജ്, തൃപ്പൂണിത്തുറ.
5. സംസ്കൃതം: എൻ. ഉണ്ണികൃഷ്ണൻ, സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.
6. ബോട്ടണി:പ്രൊഫ. വർഗ്ഗീസ്തോമസ്, കെ. ഇ. കോളേജ്, മാന്നാനം.
7. കെമിസ്ട്രി:പ്രൊഫ. പി. കെ. രവീന്ദ്രൻ, മഹാരാജാസ്, എറണാകുളം.
8. കണക്ക്:പ്രൊഫ. എസ്. എസ്. ഉണ്ണിത്താൻ സി. എം. എസ്. കോട്ടയം.
9. സ്റ്റാററിസ്റ്റിക്സ്:പ്രൊഫ. പി. സി. താരു, നിർമ്മല, മൂവാററുപുഴ.
10. ഫിലോസഫി:പ്രൊഫ. ശ്രീകുമാരിയമ്മ, മഹാരാജാസ്, എറണാകുളം.
11. സൈക്കോളജി:പ്രൊഫ. തോമസ് ജോർജ്, യു. സി. കോളേജ്, ആലുവാ.
12. ജിയോളജി:പ്രൊഫ. എം. രാമവർമ്മ, നാട്ടകം ഗവ. കോളേജ്.
13. സോഷ്യോളജി:പ്രൊ. ടി. എം. ശ്രേയസ്, ബി. സി. എം. കോട്ടയം.
14. കോമേഴ്സ്:പ്രൊഫ. വി. പി. നാരായണൻ നായർ, എൻ. എസ്. എസ്. വാഴൂർ.

---

# സർക്കാറിൻെറ ഭവന നിർമ്മാണ വായ്പാ പദ്ധതി

കഴിഞ്ഞ ലക്കം ജേർണലിൽ ഹയർ ഇൻകം ഗ്രൂപ്പിന് 95000 രൂപാ വായ്പ അനുവദിക്കുമെന്ന് കാണിച്ചിരുന്നു. എന്നാൽ ഹഡ്കോയുടെ നിർദ്ദേശമനുസരിച്ച് വായ്പ തുക 83000 രൂപയായി കുറച്ചിരിക്കുന്നു. മിഡിൽ ഇൻകം ഗ്രൂപ്പിനും, ലോവർ ഇൻകം ഗ്രൂപ്പിനും ജേർണലിൽ കൊടുത്തിരുന്ന തുക തന്നെ വായ്പയായി നൽകും.

# ചോദ്യോത്തരപംക്തി

ചോദ്യം 1 "Automatic upgradation" വഴി ലക്ചററായ ഒരധ്യാപികയെ സംബന്ധിച്ചിടത്തോളം ലക്ചറർ ആയതിന് ശേഷമുള്ള ഒരു വർഷക്കാലം "പ്രൊബേഷൻ പീര്യേഡ്" ആയിരിക്കുമെന്ന് 4-5-'87 ന്റെ 'കേരള കൗമുദി' പത്രത്തിൽ എഴുതിവന്നത് ശരിയാണോ?

ലളിതാംബിക, എസ്. എൻ. കോളേജ്, കൊല്ലം.

ഉത്തരം. പത്രത്തിൽ വന്നത് ശരിയല്ല. ഇത് നേരത്തേ വ്യക്തമാക്കിയിരുന്നതാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് A K P C T A നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ D. C. E. തന്റെ 19-9-1984 ലെ കത്തിൽ ലക്ചറർമാർക്കും നോൺകാഡർ പ്രൊഫസർമാർക്കും പ്രൊബേഷൻ 'insist' ചെയ്യാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട് "................. probation shall not be insisted upon in the category of Lecturers and II grade (N. C.) Professors ...... ..... .. .." എന്നാണ് D. C. E. യുടെ Letter No. Estt. D1-45435/84 dt. 19-9-1984-ൽ പറഞ്ഞിരിക്കുന്നത്.

ഒരു "appointment" വഴി "Change of duty" ഉണ്ടാകുന്നെങ്കിൽ മാത്രമേ നിയമിക്കപ്പെട്ട ടീച്ചറിനെ സംബന്ധിച്ചിടത്തോളം "പ്രൊബേഷൻകാലം" എന്നൊന്നുണ്ടാകൂ. ഒരു Jr. Lecturer, Lecturer ആകുന്നതും Lecturer നോൺ കാഡർ പ്രൊഫസർ ആകുന്നതും യൂണിവേഴ്സിറ്റി നിയമത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു "appointment" വഴിയല്ല. മാത്രമല്ല ഒരു Jr. Lecturer, Lecturer ആകുമ്പോഴും Lecturer നോൺ കാഡർ പ്രൊഫസർ ആകുമ്പോഴും "Change of duty" ഉണ്ടാകുന്നുമില്ല.

ചോദ്യം 2 നിയമാനുസൃതം നിയമിക്കപ്പെട്ട ഒരു Prinicipal ന്റെ absence-ൽ പ്രിൻസിപ്പാളിന്റെ "Charge" നിയമപ്രകാരം ആർക്കാണ് നൽകേണ്ടത് ? ഇതുസംബന്ധമായ നിയമവ്യവസ്ഥയെന്താണ്? നിയമമനുശാസിക്കുന്ന വിധത്തിൽ കാര്യങ്ങൾ നടക്കുന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

പ്രൊഫ. ടി. എം. തോമസ്, മൂവാറ്റുപുഴ.

ഉത്തരം. "Charge" നൽകേണ്ടതാർക്കെന്ന് നിയമവ്യവസ്ഥയിൽ നിന്ന് വ്യക്തമാകുമെന്നതിനാൽ നിയമവ്യവസ്ഥ ചുവടെ ചേർക്കുന്നു. Statute 21-Chapter 24 Affiliation of Colleges of the Kerala University First statutes, 1977.

Principals' Responsibilities "....... In the absence of the Principal, the senior most Professor or in his absence, the senior most Lecturer of the college shall be in charge of duties of the Principal ......" മറ്റു യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ടുകളിലെ പ്രസക്തമായ വ്യവസ്ഥയും ഇതു തന്നെയാണ്. നിയമാനുസൃതം, ഇത് സംബന്ധമായ നടപടികൾ സ്വീകരിക്കണമെന്നു ബന്ധപ്പെട്ടവരോടു ആവശ്യപ്പെടാം. നിയമവ്യവസ്ഥ പാലിക്കാതെ പ്രവർത്തിക്കുന്നു എന്നുവന്നാൽ കാര്യം ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടേയും മേലധികാരികളുടേയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം ഉണ്ടാക്കാവുന്നതാണ്.

ചോദ്യം 3 Mid summer vacation കാലം Suffix ചെയ്ത് കൊണ്ടു credit-ൽ ഉള്ള ലീവെടുത്ത ഒരധ്യാപിക വെക്കേഷൻ കാലത്ത് പ്രസവിച്ചു എന്നിരിക്കട്ടെ. ഈ അധ്യാപികയ്ക്ക് വെക്കേഷന്റെ തുടർച്ചയായി പ്രസവാവധിക്കു അപേക്ഷിക്കാമോ? വെക്കേഷനു മുമ്പ് ലീവ് കഴിഞ്ഞ് ഡ്യൂട്ടിയിൽ പ്രവേശിച്ചില്ലായെന്ന കാരണത്താൽ ഈ അദ്ധ്യാപിക റീഓപ്പണിംഗ് ഡേററിൽ കോളേജിൽ ഹാജരായില്ലെങ്കിൽ വെക്കേഷൻ കാലത്തെ ശമ്പളം നഷ്ടമാകും എന്ന് കേൾക്കുന്നത് ശരിയാണോ?

Prof. E. S. Peter, St. Michaels' college Shertalai.

ഉത്തരം. ഈ അധ്യാപികയ്ക്ക് വെക്കേഷന്റെ തുടർച്ചയായി 90 ദിവസത്തെ പ്രസവാവധിക്ക് അപേക്ഷിക്കാം. വെക്കേഷൻ കാലത്തെ ശമ്പളം നഷ്ടമാകും എന്ന് കേൾക്കുന്നത് ശരിയല്ല. ഇതുസംബന്ധമായ K. S. R. റൂളുകൾ ചുവടെ ചേർക്കുന്നു.

# പ്രൊഫ. ഹേമലതാനമ്പ്യാർ വിരമിച്ചു



1987 ജൂൺ 30-ാം തീയതി കണ്ണൂർ ശ്രീനാരായണ കോളേജിൽ നിന്നും വിരമിച്ച പ്രൊഫ. ഹേമലതാനമ്പ്യാർക്ക്, എ.കെ.പി.സി.ടി.എ ബ്രാഞ്ച് സമുചിതമായ യാത്രയയപ്പ് നൽകി. 1963 മുതൽ എ.കെ.പി.സി.ടി.എ യുടെ സജീവ പ്രവർത്തകയായിരുന്നു ഹേമലതാനമ്പ്യാർ. ചെമ്പഴന്തി ശ്രീനാരായണ കോളേജിൽ വച്ച് ജില്ലാകൗൺസിൽ അംഗമായിരുന്നിട്ടുണ്ട്. യാത്രയയപ്പുയോഗം പ്രസിഡൻറ് പ്രൊഫ. എം. മുകുന്ദൻെറ അദ്ധ്യക്ഷതയിൽ കൂടി. പ്രൊഫ. വി. പി. ശാന്തി, പ്രൊഫ. കെ. പി. ചാക്കുണ്ണി, പ്രൊഫ. ദ്രോണൻ, പ്രൊഫ. കെ. വി. ലളിത, ശ്രീ. പ്രസാദ്, പ്രെഫ്സി ജ്ജൂലിയൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. തനിക്ക് തന്ന യാത്രയയപ്പിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ട് പ്രൊഫ. ഹേമലതാനമ്പ്യാർ മറുപടി പറഞ്ഞു. യോഗത്തിൽ പ്രൊഫ. കെ. ഹരീന്ദ്രൻ സ്വാഗതവും, സെക്രട്ടറി പ്രൊഫ. പി. പി. ശ്രീധരൻ കൃതജ്ഞതയും പറഞ്ഞു.

---

Rule 74 Part I and Government decision.

Rule 74 "Vacation may be taken in combination with or in continuation of any kind of leave .. .. .. There will be no limit on the half-pay leave that can be availed of at a time on Medical Certificate or parivate affairs .. ........".

G. D. No 1

"It is permisible to allow a vacation to intervene between two periods of leave. Similarly, Vacation may be prefixed or Suffixed to leave or both prefixed and Suffixed .. .... ... The only restriction is that .... the duration of the total period of Vacation...... and commuted leave taken together shall not exceed 240 days"

(T. G.)

---

## പ്രതിഷേധയോഗം: എൻ എസ്. എസ്. മാനേജ്മെൻറിൻെറ സ്ഥലംമാററ ദ്രോഹത്തിനെതിരെ

എൻ.എസ് എസ്. മാനേജ്മെൻറിൻെറ കീഴിലുള്ള കോളേജുകളിലെ അധ്യാപകരെ യാതൊരുമാനദണ്ഡവുമില്ലാതെ സ്ഥലം മാററി ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിക്കും, രാഷ്ട്രീയപകപോക്കലിനും, സ്വജനപക്ഷപാതത്തിനും അടിപ്പെട്ട്, അന്യായവും ക്രൂരവുമായി അധ്യാപകരെ ദ്രോഹിക്കുന്ന പ്രവണത, നിരവധി നിവേദനങ്ങൾ നടത്തിയിട്ടും ഇപ്പോഴും തുടർന്നു വരുന്നു. അതിൽ പ്രതിഷേധിക്കുവാനും, അതിനെതിരെ പൊതുജനാഭിപ്രായം സംഘടിപ്പിക്കാനും ഗുരുതരമായ ഈ പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കാണാനുമായി എ കെ പി. സി ടി. എ ആവിഷ്കരിച്ച സമരപരിപാടിയുടെ ഭാഗമായി, 1987 ജൂലൈ 16 ാം തീയതി വ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് ചേർത്തലയിൽ ഒരു പ്രതിഷേധയോഗം നടത്തി. എൻ ജി ഒ യൂണിയൻ സംസ്ഥാനകമ്മിററി അംഗം എൻ. പരമേശ്വരൻ പിടങ്ങിൽ അധ്യക്ഷത വഹിച്ചു പ്രശ്നത്തിൻെറ വിവിധ വശങ്ങളിലൂന്നിക്കൊണ്ട് കോഴിക്കോട് യൂണിവേഴ്സിററി സിണ്ടിക്കേററംഗം പ്രൊഫ. ജി. മാധവൻ നായർ, എ കെ.പി സി. ററി. എ. മുൻ പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് ഡോ. പി. എസ്. പണിക്കർ, ഡി. വൈ. എഫ്. ഐ. പ്രതിനിധി ശശിധരൻ, കെ. ജി. ടി. എ. നേതാവ്. പി. വിശ്വനാഥൻ നായർ, കോ-ഓപ്പറേററിവ് എംപ്ലോയീസ് യൂണിയൻ പ്രതിനിധി രഘുനാഥൻ എന്നിവർ സംസാരിച്ചു. എ.കെ.പി. സി.ടി എ. ജില്ലാപ്രസിഡൻറ് പ്രൊഫ. ഇ. എസ്. പീററർ സ്വാഗതവും, ചേർത്തല എൻ. എസ്. എസ്. കോളേജ് എ.കെ.പി.സി ററി. എ ബ്രാഞ്ച് സെക്രട്ടറി പ്രൊഫ. നരേന്ദ്രൻ കൃതജ്ഞതയും പറഞ്ഞു.

## സ്ഥലം മാറ്റം–സ്റ്റേ ഓർഡർ

IN THE HIGH COURT OF KERALA AT ERNAKULAM

Present

The Honourable Mr. Justice V. Sivaraman Nair Tuesday the 14th day of July, 1987/23rd Ashadha, 1909

C. M. P. No. 17725/87 in O. P. No. 5394 of 1987-P

Petitioners:- Petitioners in O.P.

1. Prof. P. Narendran, Professor of Economics, N.S.S, College, Nilamel. General Secretary of Kerala Private College Teachers Association, 28/406, Ambujavilasam Road, Trivandrum.
2) Dr. P. Sukumara Panicker, Professor of Political Science, N.S.S. College, Nenmara, President N. S S., College Teachers Co-ordination Council.
3) Prof. K. K. Gopalakrishna Pillai Professor, Department of Physics, N. S. S. Hindu College, Changanacherry.

Vs.

Counter Petitioners :- Respondents

1) State of Kerala, represented by the Chief Secretary, Secretariat, Trivandrum.
2) Gandhiji University, represented by the Registrar, Kottayam.
3) Secretary, N. S. S. College Central Committee, Changanacherry.
4) Principal N. S. S. Hindu College, Changanacherry.

Petetion praying that in the circumstances stated in the affidavit filed along with the O.P. the High Court be pleased to issue an interim direction to the respondents to refrain from transferring teachers working in the colleges affiliated to the Gandhiji University to any other colleges affiliated to other Universities except in accordance with the provisions contained in Sec-68, till the disposal of this original petition.

This petition again coming on for orders upon persuing the petition and the affidavit filed in support of O. P. and this court's order dated 6-7-1987 and upon hearing the arguments of Mr. P. Gopalakrishnan Nair, Advocate for the petitioners, the court passed the following:-

ORDER

There is no appearance for R3 and R4. There will be an interim stay as prayed for, for one month.

Sd/-

14-7-1987 V. Sivaraman Nair

True Copy

## വി. സി. യുടെ ഉറപ്പ്

T. N. JAYACHANDRAN
Vice-Chancellor

UNIVERSITY OF CALICUT
Calicut University P. O.

VCS 1/10/87 Malappuram District
18 July 1987 Kerala India 673635

Dear Prof. Salim,

In Continuation of the telegram I sent to you on the proposed Dharna before the Senate on 25 July 1987 I may add that the University is taking all necessary steps to clear arrears of payment as expeditiously as possible. A meeting is proposed to be held for a detailed discussion on the matter at 11 AM on Monday 10 August 87. Please make it convenient to attend.

With regards,

Yours sincerely.

Sd/-

[T. N. Jayachandran]

Prof. M. Salim, Secretary, AKPCTA,
Farook College, Ferooke.

TELEGRAM 0/1 130/A3 CT University 16-63

Regarding Dharna befor Senate on 25th July (.) All bills except defective for remuneration for April 85 examinations Cleared (.) Cheques under issue for september 85 examination (.) Bills for 86 examinations expected to be Cleared by December 87 (.) Request withdraw proposed Dharna (.) Latter follows.

V. C. Unical

## ഗവൺമെൻറ് ഓർഡർ

### ശമ്പളമില്ലാത്ത അവധി 15 വർഷം

### GOVERNMENT OF KERALA

Abstract

Leave - Leave Without Allowances to join one's spouse who is abroad or within the Country - maximum period extended-

Orders Issued.

FINANCE (RULES) DEPARTMENT

G. O. (P) No. 603/87/Fin. Dated, Trivandrum, 14th July, 1987.

Read :- i) G. O. (P) 209/84/Fin. dated 12 4-1984.

ii) G. O. (P) 579/87/Fin. dated 1.7-1987

ORDER

By the G. O. read first, orders have been issued for granting Leave Without Allowances upto a maximum period of 10 years to a Government Officer for the purpose of joining husband/wife abroad or within the Country. Government, in the G. O. read second, raised the maximum period of leave that may be sanctioned to an officer for the purpose of taking up employment abroad or within the country during the entire service of an officer, to 15 years.

2. Government are now pleased to Extend the maximum period of leave for the purpose of joining one's spouse from 10 to 15 years subject to the following conditions :-

(1) Even in the case of those who have gone on leave prior to 12-4-1984, the conditions stipulated in G. O (P) 209/84/Fin. dated 12-4-1984 will apply.

(2) While granting extension of leave beyond ten years an undertaking will be obtained from the employee to the effect that he agrees to abide by the conditions in the rules for the grant of leave without allowances contained in G. O. (P) 209/84/Fin dated 12-4-1984.

3. Cases of those who have already left Service will no be re-opened.

(BY ORDER OF THE GOVERNOR),
R. NARAYANAN,
COMMISSIONER & SECRETARY
(FINANCE)

### ഡൈസ്നോൺ അല്ല

Copy of the Government letter No. 9589/DI/87/H.Edn. dated 14-5-1987 from the Commissioner & Secretary to Government addressed to this office.

Sir,

Sub :- Private College-S.N.M. College Maliankara - Mass Leave on 13-9-1985- treatment reg :-

Ref :- Your letter No. Estt. D3-89553/86-1/ Coll/Edn. dated 11-3-1987.

I am directed to refer to the letter cited and to infrom you that Government do not

consider it necessary to treat the absence of a section of the teaching staff of S. N. M. College, Maliankara on 13-9-1985 as dies-non. The leave applied for by the teacher may hence be granted by the management and they may be paid their salary for the day.

I am to request you to apprise the management accordingly and instruct Dy. Director of Collegiate Education, Trippunithura to honour the salary bills as soon as presented.

Yours faithfully
Sd/- Kuruvilla Mammen,
Under Secretary to Govt.

Endt. on Estt. D3-89553/86/Coll/Edn/ Dis. dt. 22-6-87

Communicated to the manager, H. M. D. P Educational Agency Moothakunnam for information and necessary action. (vide Letter No. nil dt. 3. 10. 86.).

Copy to: 1) The Principal, SNM College, Malinakara.

2) The Dy. Director of Collegiate Education, Tripunithura

3) He is requested to honour the salary bills as directed in the Govt. letter.

Sd/- Dy. Director of Collegiate Education.

//True copy//

For Director of Collegiate Education.

---

എഫ്.ഐ.പി-നിബന്ധന

---

## 3-6-86 Deputation for faculty Improvement

Plg- 7-36630/85/Coll. Edn. office of the Director of Collegiate Vikas Bhavan, Trivandrum.
Dated: 3.6.1986.

CIRCULAR

Sub:- Faculty Improvement programme or University Grants Commission - deputation of teachers - proposals documents to be submitted-further instructions.

It has been come to the notice of the undersigned that the Principals of Colleges are not promptly reporting the details of substitutes of teachers deputed for M Phil/M. Litt./ Ph.D courses under Faculty Improvement Programme. This office is experiencing a lot of difficulties for want of details of substitute teachers. Recently, in almost all cases recommended to Government, the Government have requested to forward details of the substitute's. In the circumstances the Principals are instructed that the following details of substitute teachers should be submitted in duplicate along with the proposals for grant of deputation.

1) The name of substitute teacher.

2) The date from which he/she is posted in the vacancy.

3) The reference No. of the Prinicipal by which necessary proposals have been submitted to University Grants Commission for reimbursement of substitute salary.

4) The No. and date of Principal's letter by which he had reported the vacancy to the Management / D. C. E etc. should be in-variably furnished. The proposals without the substitute salary details will not be recommended to Government in future. It is also pointed out that this office will be constrained to take disciplinary action against those Principals who fail to reimburse the substitute salary in time as undertaken by them.

Sd/-

Special Officer, U. G. C.
for Director of Collegiate Education.

## FIP-സർട്ടിഫിക്കററ് വേണം

### 10-7-'86 Faculty improvement

Plg. 7-31441/82. Coll.Edn.
Directorate of Collegiate
Education, Trivandrum,
Dated. 10/7/1986

CIRCULAR

Sub :- Faculty Improvement programme of U. G. C Deputation of M. Phil/Ph. D course-certificate of completion of the course.

Ref.- Govt. letter No. 16018/KI/86/H.Edn dt 31/5/86.

The Principals of Colleges (both Government and private) are informed that Government as per the letter cited, has decided that the T. F who had been deputed to undergo M.Phil/Ph.D.. course under Faculty Improvement programme should produce the degree certificate (copy) instead of a letter from the head of the Department stating that the T. F. has completed the course/has been relieved on completion of the course as a proof of having fulfilled the obligation in the bond. The Principals are therefore requested to obtain and forward the degree certificates issued by the University concerned in respect of the teachers deputed from your college with in one month from the date of receipt of this letter.

Sd-/
Special Officer, U. G. C.
for Director of collegiate Education

## സീനിയോറിററി റൂൾ

### 20-3-'87 Seniority rules and automatic promotion

Higher Education (D) Department
No, 27964/DI/87/H.Edn.

Trivandrum, Dated, 20-3-'87

From

The Commissioner&Secretary to Govt.

To

The Registrar,
University of Calicut
Calicut University P. O.,
Pin. 673635

Sir,

Sub :- Automatic promotion of junior Lecturers as Lecturers Reckoning of broken spells of service reg.

Ref - (1) G. O. (MS) 84/86/H.Edn. dated, 2-4-'86

(2) Your letter no. G. A. F4/4912/86 dated, 17-5-'86

With reference to the above, I am to clarify as follows :-

Promotion to the catagory of Lecturer is automatic on completion of 2 years of qualifying service required there fore. Therefore seniority of a person in the category of Lecturer including Non cadre II Grade & I Grade professors shall be determined with reference to his seniority in the category of Junior Lecture. In otherwords persons appointed as Lecturers and Non-cadre professors direct are not entitled to get seniority over those junior Lecturers/ Lecturers who are already in service.

I am to request you to decide questions on interse seniority on the above basis.

Yours faithfully,
Sd/-

Kuruvilla Mammen,
Under Secretary to Govt.
For Commissioner & Secretary

## വിവരങ്ങൾ സമരസമിതി ഓഫീസിൽ അറിയിക്കുക

ഫോൺ 78177

പണിമുടക്കുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തിരുവനന്തപുരത്തുള്ള കേന്ദ്ര സമര സമിതി ഓഫീസിൽ അറിയിക്കുക. എല്ലാ കോളേജുകളിലും സമരസഹായസമിതി രൂപീകരിക്കണം. സ്ക്വാഡുകൾ സംഘടിപ്പിച്ച് അധ്യാപകരെ വീടുകളിൽ ചെന്ന് കണ്ട് കാര്യങ്ങൾ വിശദീകരിക്കണം.

ഓഫീസ് വിലാസം
28/406
അംബുജവിലാസം റോഡ്
തിരുവനന്തപുരം, 695001.

## ചോദ്യോത്തരപംക്തി

ജേർണലിലെ ചോദ്യോത്തര പംക്തിയിലേയ്ക്കുള്ള ചോദ്യങ്ങൾ താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കുക.

Prof. T. Gopalakrishnan
Krishnavilasom
Perumpuzha-P. O.
Kundara, Quilon.

## സമരഫണ്ട്

സമരഫണ്ട് അയച്ചുകൊടുത്തിട്ടില്ലാത്ത ബ്രാഞ്ചുകൾ, അംഗം ഒന്നിന് പത്തുരൂപാവീതം ശേഖരിച്ച് എത്രയും വേഗം ട്രഷറർക്ക് അയച്ചുകൊടുക്കുക.

# വാർത്തകൾ

## യൂണിവേഴ്സിററി അധ്യാപകരും പണിമുടക്കിൽ പങ്കുചേരുന്നു.

ആഗസ്ററ് 18 മുതൽ അഖിലേന്ത്യാ പണിമുടക്കിൽ പങ്കുചേരാൻ കേരള യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻ തീരുമാനിച്ചിരിക്കുന്നു.

## ഇടതുപക്ഷ ജനാധിപത്യ മുന്നണി പിൻതുണ പ്രഖ്യാപിച്ചു

കോളേജധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് സമരം ഒത്തുതീർപ്പിലെത്തിക്കണമെന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സംസ്ഥാനകമ്മിററി ആവശ്യപ്പെട്ടു.

അധ്യാപകരുടെ ശമ്പള വർധനവിന് വരുന്ന ചെലവിൻെറ മുഴുവൻ ബാധ്യതയും കേന്ദ്രം വഹിക്കണമെന്ന് ഒരു പ്രസ്താവനയിൽ കമ്മിററി ആവശ്യപ്പെട്ടിട്ടുണ്ട്. ദേശവ്യാപകമായി അധ്യാപകർ നടത്തുന്ന സമരത്തിന് കമ്മിററി പിൻതുണ പ്രഖ്യാപിച്ചിട്ടുണ്ട്.

## *എൻ.എസ്.എസ്.മാനേജ്മെൻറിൻെറ ഈ ക്രൂരത അവസാനിപ്പിക്കാൻ സർക്കാർ ഇടപെടണം*

എൻ. എസ്. എസ്. മാനേജ്മെൻറിന് ജീവനക്കാരെ സ്ഥലം മാററി ഉപദ്രവിക്കുക ഒരു ക്രൂരവിനോദമാണ്. ഈ മാനേജ്മെൻറിൻെറ സ്ഥലംമാററനയത്തിൽ പ്രതിഷേധിക്കാൻ അധ്യാപകർ ചങ്ങനാശ്ശേരി ഹെഡ്ഓഫീസ് പടിക്കൽ ജൂൺ 27 ന് പ്രകടനവും ധർണയും നടത്തി. ഗാന്ധിജിസർവ്വകലാശാലാ മേഖലയിൽ നിന്നും മററു സർവ്വകലാശാലാ മേഖലകളിലേയ്ക്ക് സ്ഥലംമാററം നടത്തരുതെന്ന് ബഹു: കേരളാ ഹൈക്കോടതിയുടെ വിധിയുണ്ടായി. എന്നിട്ടും പാഠം പഠിക്കാതെ മററു രണ്ടു സർവ്വകലാശാലാ മേഖലകളിൽ ദ്രോഹകരമായ സ്ഥലംമാററം നടത്തി രസിക്കുകയാണ്. ഈ ക്രൂരത അവസാനിപ്പിക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കാൻ സർക്കാറിനു ബാധ്യതയില്ലേ? അധികാരമില്ലേ? സർവ്വകലാശാലകൾക്ക് ഇതു കണ്ടില്ലെന്നുനടിച്ച് ഇരിക്കാനാകുമോ? സർക്കാറും സർവ്വകലാശാലകളും അടിയന്തിരമായി ഇടപെട്ട് ഈ ദ്രോഹം അവസാനിപ്പിക്കണം.

**Kerala Private College Teacher**
monthly journal of the all kerala private college teachers' association
No. 72 R. No. M-36025/81 Registered No. KL/TV(N) 35

*ആഗസ്ററ് 19ന്*

ഡൽഹിയിൽ

# അധ്യാപകരുടെ
# അതിഗംഭീര പ്രതിഷേധ റാലി

*അന്നുതന്നെ കേരളത്തിൽ*
*വമ്പിച്ച രാജ്ഭവൻ മാർച്ച്*

---

ഇന്ത്യയിലാകമാനമുള്ള
സർവ്വകലാശാലാ കോളേജ് അധ്യാപകർക്ക്
ഒരേ ശമ്പളസ്കെയിലുകൾ
തുല്യവ്യവസ്ഥകളിൽ
നേടിയെടുക്കാൻ
ആഗസ്ററ് 4 മുതൽ നടക്കുന്ന
അഖിലേന്ത്യാ സമരം
എത്ര നീണ്ടു പോയാലും
എന്തു ത്യാഗം സഹിച്ചും
വിജയിപ്പിക്കുമെന്ന് പ്രതിജ്ഞ എടുക്കുക

**AIFUCTO സിന്ദാബാദ്** **AKPCTA സിന്ദാബാദ്**

printed and published by v. narayanankutty, at chempaka printers, trivandrum-4 phone: 82127 chief editor, v. n. murali.